# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## ബുള്ളറ്റിൻ ഭാഗം- 2

2016 ഒക്ടോബർ 25

**നമ്പർ : 110**

2016 ഒക്ടോബർ 28-ാം തീയതി വെള്ളിയാഴ്ച താഴെ കൊടുത്തിരിക്കുന്ന അനൗദ്യോഗിക പ്രമേയങ്ങൾ ചർച്ചയ്ക്ക് വരുന്നതാണ്.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | പ്രമേയം |
|---|---|---|
| (1) | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | " മുൻ വർഷങ്ങളിലെ മഴക്കുറവ് മൂലം സംസ്ഥാനം കടുത്ത വരൾച്ചയെ നേരിടുകയാണ്. സംസ്ഥാനത്ത് വ്യാപകമായ കൃഷിനാശവും, കടുത്ത കുടിവെള്ള ക്ഷാമവും, വൈദ്യുതിയുല്പാദനത്തിൽ കാര്യമായ കുറവും നേരിടുന്നു. മഴക്കുറവ് മൂലം കാർഷികോത്പ്പന്നങ്ങളുടെ ഉല്പാദനം കുറയുന്നതിനാൽ കടുത്ത വിലക്കയറ്റം ഉണ്ടാകുന്നതിനും സാധ്യതയുണ്ട് വരും ദിവസങ്ങളിൽ വരൾച്ച കൂടുതൽ രൂക്ഷമാകാനുള്ള സാധ്യതയാണ് കാണുന്നത്. ഈ പ്രതിസന്ധിയെ അതിജീവിക്കുന്നതിന് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ പാക്കേജിൽ ഉൾപ്പെടുത്തി കേരളത്തിന് ഒരു പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. |

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | പ്രമേയം |
| --- | --- | --- |
| (2) | പ്രൊഫ. കെ. യു അരുണൻ | " 1965 മുതൽ സംസ്ഥാനത്ത് നിലവിൽ വന്ന സാർവ്വത്രിക റേഷൻ സമ്പ്രദായം ഭക്ഷ്യ വിളകളിൽ കടുത്ത അപര്യാപ്തത നേരിടുന്ന സംസ്ഥാനത്തെ ജനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ മിതമായ വിലയ്ക്ക് ഉറപ്പാക്കിയിരുന്നു. ലക്ഷ്യ ഗ്രൂപ്പുകൾക്ക് മാത്രം ഭക്ഷ്യധാന്യം ഉറപ്പ് നൽകുന്ന 2013 ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനം നടപ്പാക്കാൻ വൈകിയതിനാൽ കേന്ദ്ര സർക്കാർ ഭക്ഷ്യധാന്യ വിഹിതം വെട്ടിക്കുറച്ചത് സംസ്ഥാനത്തെ റേഷൻ സംവിധാനത്തെ പ്രതിസന്ധിയിലാക്കിയിരിക്കുന്നു. പ്രസ്തുത നിയമം നടപ്പാക്കുന്നതോടൊപ്പം സംസ്ഥാനത്തെ സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായ പ്രകാരം ആനുകൂല്യം ലഭിച്ചിരുന്നവർക്ക് അത് നഷ്ടപ്പെടില്ല എന്ന് കൂടി ഉറപ്പു വരുത്താൻ ഈ സഭ കേന്ദ്ര സർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു." |

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | പ്രമേയം |
|---|---|---|
| (3) | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | " ഇന്ത്യയിലെ പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയ്ക്കായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഏരിയ ഇന്റൻസീവ് പ്രോഗ്രാം (AIP) അനുസരിച്ച് 8 സംസ്ഥാനങ്ങളിൽ സ്കൂളുകൾ ആരംഭിച്ചു. മറ്റ് സംസ്ഥാനങ്ങൾ ഈ സ്കൂളുകളെ പൂർണ്ണമായും സർക്കാർ സ്കൂളുകളാക്കിയിട്ടും കേരളത്തിൽ മാത്രം ഇപ്പോഴും നിരവധി അദ്ധ്യാപകർക്ക് ശമ്പളമില്ലാത്ത അവസ്ഥയാണുള്ളത്. കേരള എഡ്യൂക്കേഷൻ റൂൾ (KER) അനുസരിച്ച് പ്രവർത്തിക്കുന്ന ഈ സ്കൂളുകളിൽ സ്റ്റാഫ് ഫിക്സേഷൻ അനുസരിച്ച് അദ്ധ്യാപക തസ്തികകൾ അനുവദിക്കാമായിരുന്നിട്ടും വിദ്യാഭ്യാസ വകുപ്പ് ആയതിന് നടപടി സ്വീകരിച്ചിട്ടില്ല. ഇതിന്റെ ഫലമായി 12 സ്കൂളുകൾ നടത്തിക്കൊണ്ട് പോകുവാൻ കഴിയാതെ ഇതിനകം പൂട്ടുകയും ചെയ്തു. ഈ സ്കൂളുകളുടെയും ഇവിടുത്തെ അദ്ധ്യാപകരുടെയും പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ഈ സഭ സർക്കാരിനോട് ആവശ്യപ്പെടുന്നു. " |

വി. കെ. ബാബുപ്രകാശ്,
സെക്രട്ടറി.